**മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം -സാങ്കേതിക വിഭാഗം - കാസർഗോഡ് ജില്ല - കാസർഗോഡ് നഗരസഭ -കാസർഗോഡ് വില്ലേജ് -വാണിജ്യ കെട്ടിട നിർമ്മാണത്തിന് കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) കാസർഗോഡ് നഗരസഭ സെക്രട്ടറിയുടെ 20/08/2019 - ലെ PW2-283/18-19 നമ്പർ കത്ത്

2) കാസർഗോഡ് ടൗൺ പ്ലാനറുടെ 03/10/2019 -ലെ C/**850**/19 നമ്പർ കത്ത്.

=================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. TCPCTP/**2306**/2019-D1 **തീയതി: 31/10/2019**

=================================================================

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് നഗരസഭ പരിധിയിലുള്ള കാസർഗോഡ് വില്ലേജിൽ റീസർവ്വേ നമ്പർ 156/12,156/11 pt1 -ൽപ്പെട്ട (നിലവിൽ 239.71 $m^2$ താമസകെട്ടിടമുള്ള) 8.29 $m^2$ സ്ഥലത്ത് 459.18 $m^2$ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടത്തിന് കൺകറൻസ് ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. കെ വരദരാജഷേണായി, നുള്ളിപ്പാടി, കാസറഗോഡ് എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ-1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. **KMBR-1999**-ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിർമ്മാണാവകാശം സംബന്ധമായ രേഖകൾ, സർവ്വെ നമ്പർ , വിസ്തൃതി, അളവുകൾ എന്നിവ മുൻസിപ്പൽ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ.എം.ബി.ആർ. 1999-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും വിധേയമായിരിക്കണം.
3. ഉപരിതല ഖര-ജല മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സജ്ജീകരണം ഒരുക്കേണ്ടതാണ്.
4. **KMBR 1999** ചട്ടം **109B** പ്രകാരം മഴവെള്ള സംഭരണിക്കായുള്ള ക്രമീകരണങ്ങൾ അപേക്ഷകൻ ഉറപ്പാക്കേണ്ടതാണ്.
5. **KMBR 1999** ചട്ടം **56 - 3J** പ്രകാരം അഗ്നി സുരക്ഷ സംബന്ധിച്ച വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.
6. **KMBR 1999** ചട്ടം 34 പ്രകാരം പാർക്കിംഗ് സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിന് ശേഷമേ നമ്പർ നൽകാവൂ.

**File No.TCPCTP/2306/2019-D1**

7. ചട്ടം (40 എ) പ്രകാരം അംഗവൈകല്യമുള്ളവർക്കുള്ള റാമ്പ് ഗ്രൗണ്ട് ഫ്ലോറിലും ഫസ്റ്റ് ഫ്ലോറിലും നൽകിയിട്ടുണ്ടെന്ന് പെർമിറ്റ് നൽകുന്നതിന് മുമ്പ് നഗരസഭ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

മുഖ്യനഗരാസൂത്രകയുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരു സെറ്റ് പ്ലാൻ

**ജയശ്രീ. പി.ആർ.**
**നഗരാസൂത്രക**

ടൗൺ പ്ലാനർ, കാസറഗോഡ്.

പകർപ്പ് : 1) ശ്രീ. ശ്രീ. വരദരാജഷേണായി, **S/o** ശ്രീധരഷേണായി, നുള്ളിപ്പാടി, കാസറഗോഡ്
2) സെക്രട്ടറി, കാസറഗോഡ് നഗരസഭ.
3) വെബ്സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.